## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 903 | 29.09.2011 - ൽ മറുപടിക്ക്

## ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലന കേന്ദ്രം

**ചോദ്യം** | **ഉത്തരം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.കെ.ശിവദാസൻ നായർ

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

---

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ എവിടെയൊക്കെയാണ് കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) ആന്റ് (ബി)<br>ഓട്ടിസം ബാധിച്ച കുട്ടികൾക്ക് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ എസ്സ്.എസ്സ്.എ.യുടെ കീഴിൽ ഓട്ടിസം സെന്റർ ആരംഭിച്ചിട്ടുണ്ട്. |
| (സി) ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ ഏത് പദ്ധതിയിൻ കീഴിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ഡി) സർവ്വ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിലാണ് സെന്റർ ഫോർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഓഫ് ഓട്ടിസ്റ്റിക് ചിൽഡ്രൻ എന്ന പേരിൽ കേന്ദ്രങ്ങൾ തുടങ്ങുന്നത്. |

| | | |
|---|---|---|
| (ഇ) | പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനരീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാം? | (ഇ) 1. സ് ക്രീനിംഗ് ആന്റ് അസസ് മെന്റ്<br>2. ഓട്ടിസം സവിശേഷതകൾ പ്രകടിപ്പിക്കുന്ന കുട്ടികളുടെ സർവേ<br>3. റിസോഴ്സ് അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രാഥമിക സ്ക്രീനിംഗ്<br>4. സംശയിക്കപ്പെടുന്ന കുട്ടികളെ ഒരു ക്ളിനിക്കൽ സൈക്കോളജിസ്റ്റിന്റെ മേൽനോട്ടത്തിൽ അസസ്മെന്റ്<br>5. ഓട്ടിസം സെന്ററിൽ എൻറോൾ ചെയ്ത കുട്ടികൾക്ക് വ്യക്തിഗത പരിശീലനം<br>i. സെൻസറി ഇന്റഗ്രേഷൻ തെറാപ്പി<br>ii. സ്പീച്ച് തെറാപ്പി<br>iii. ഒക്യൂപേഷണൽ തെറാപ്പി<br>iv. വൊക്കേഷണൽ ട്രെയിനിംഗ്<br>6. മാസത്തിലൊരു തവണ രക്ഷിതാക്കൾക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലാസ്സ്<br>7. ഇത്തരം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് പരിശീലനം |

സെക്ഷൻ ഓഫീസർ